ഉത്തരം

(എ) എസ്.ജി.എസ്.വൈ. പദ്ധതി ഒരു സമഗ്ര സ്വയം തൊഴിൽ പദ്ധതിയാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായ പരിശീലനം, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പ, സബ്സിഡി എന്നിവ ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗുണഭോക്താക്കളായിത്തീരുന്ന സ്വയം തൊഴിൽ സംരംഭകരുടെ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മേലെ ഉയർത്തുകയാണ് പദ്ധതി ലക്ഷ്യം.

(ബി) പദ്ധതിയുടെ കേന്ദ്രവിഹിതം 75% ആണ്.

(സി) പദ്ധതിക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ സംസ്ഥാന വിഹിതം, സംസ്ഥാന വിഹിതമായി ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം	സംസ്ഥാന പദ്ധതി വിഹിതം	രൂപ ലക്ഷത്തിൽ ചെലവഴിച്ച തുക
2006-07	1288.00	664.93
2007-08	1288.00	1007.56
2008-09	1600.00	1199.05
2009-10	1930.00	1272.84

(ഡി) പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

170 (4794) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകൾക്കായി നബാർഡ് ആർ. ഐ. ഡി. എഫ് പദ്ധതിയിൽ 2006-10 വരെ വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളിൽ 2006-10 വരെ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ അംഗീകാരം ലഭിച്ചവയുടെ പുരോഗതി വിശദമാക്കുമോ ;

(സി) ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ച സെൻട്രൽ പൊയിലൂർ വേങ്ങത്തോട് റോഡ്, സെൻട്രൽ പൊയിലൂർ ചമതക്കാട്-കുഴിക്കൽ വടക്കെപൊയിലൂർ റോഡ് എന്നിവയുടെ പുനരുദ്ധാരണം നടത്താനുള്ള അപേക്ഷയിൽമേലുള്ള പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുകൾക്കായി നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 2006-10-ൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. മുരിങ്ങോരി പോസ്റ്റാഫീസ് മുടക്കണ്ടി പനയത്താംപറമ്പ് റോഡ്-നബാർഡിന്റെ പൈലറ്റ് പ്രോജക്ട് ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സ്കീമിൽ (പി.പി.ഐ.ഡി) പ്പെടുത്തി അനുമതി ലഭിച്ച റോഡുകൾ
2. വായന്നൂർ വായനശാല പുത്തലറ കോളയാട് റോഡ്
3. കടുകപ്പാലം മുടക്കോഴി റോഡ്
4. കൊന്നരിക്കുന്ന് പുത്തക്കുഴി കോട്ടുപറമ്പ് റോഡ്
5. അണങ്ങോട് കാലിക്കേയം റോഡ്
6. പാലപ്പുഴ പെരുമ്പുന്ന റോഡ്
7. ശിവപുരം ലക്ഷംവീട് പറമ്പിൽ റോഡ് ടാറിംഗ് പ്രവൃത്തി -- മാലൂർ പഞ്ചായത്ത്
8. പള്ളിയറ-പാറടികവല റോഡ്-കൊട്ടിയൂർ പഞ്ചായത്ത്
9. പുളിക്കാംപോയിൽ-മാടത്തിൽകാവ് റോഡ് - കൊട്ടിയൂർ പഞ്ചായത്ത്
10. ഓടൻതോട്-പി.എം.ജി.എസ്.വൈ.ട്രാൻസ്ഫോമർ, ആറളം ഫാം റോഡ് - കണിച്ചാർ പഞ്ചായത്ത്.
11. മുഴക്കുന്ന് ആനക്കുഴി റോഡ് - മുഴക്കുന്ന് പഞ്ചായത്ത്
12. പൊതുകുഴി- ചെട്ടിയാംമുക്ക് റോഡ് - പേരാവൂർ പഞ്ചായത്ത്
13. കല്ലംതുറ കാറോഡ് റോഡ് പുനരുദ്ധാരണം - കോളയാട് പഞ്ചായത്ത്
14. കോലപ്പബ്രിഡ്ജ്--തെട്ടുമ്മൽ ശോലപ്പ റോഡ് - കോളയാട് പഞ്ചായത്ത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുരോഗതി

1. മുരിങ്ങോരി പോസ്റ്റ്ഓഫീസ് മുടക്കണ്ടി പനയത്താംപറമ്പ് റോഡ് - 75% പൂർത്തീകരിച്ചു.

2. വായന്നൂർ വായനശാല പുത്തലറ കോളയാട് റോഡ് - 25% പൂർത്തീകരിച്ചു.

3. കടുകപ്പാലം മുടക്കോഴി റോഡ് - പ്രവൃത്തി ആരംഭിച്ചു.

4. കൊന്നരിക്കുന്ന് പുത്തക്കുഴി കോട്ടത്തുപറമ്പ് റോഡ് - 20% പൂർത്തീകരിച്ചു.

5. അണങ്ങോട് കാലിക്കേയം റോഡ് -20% പൂർത്തീകരിച്ചു.

6. പാലപ്പുഴ പെരുമ്പുന്ന റോഡ് - പ്രവൃത്തി ആരംഭിച്ചു.

ക്രമനമ്പർ 7 മുതൽ 14 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ച സെൻട്രൽ പൊയിലൂർ-വേങ്ങത്തോട് റോഡ്, സെൻട്രൽ പൊയിലൂർ-ചമതക്കാട്-കുഴിക്കൽ വടക്കെ പൊയിലൂർ റോഡ് എന്നീ പ്രോജക്ടുകളുടെ പ്രൊപ്പോസൽ സമർപ്പിച്ച സമയം സെക്ടറൽ അലോക്കേഷൻ ലഭ്യമല്ലാതിരുന്നതിനാൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പ്ലാസ്റ്റിക് സഞ്ചികളുടെ നിയന്ത്രണം

171 (4795) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എത്ര മൈക്രോൺ കനമുള്ള പ്ലാസ്റ്റിക്ക് സഞ്ചികൾ ഉപയോഗിക്കാനാണ് ഇപ്പോൾ അനുവാദമുള്ളത് ;

(സി) ഇത് സംബന്ധമായ തുടർ പരിശോധനകൾ നടത്തിവരുന്നുണ്ടോ ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30 മൈക്രോൺ വരെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോഗം നിയന്ത്രിക്കുന്ന കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട് 2007 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly